**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6042** **09-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ഖാദി നൂൽപ്പ്/ നെയ്ത്ത് സെന്ററുകളിലെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽപ്പ്,നെയ്ത്ത് സെന്ററുകളുടെ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന അറ്റകുറ്റപ്പണികളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെയും വിശദാംശങ്ങൾ സെന്ററുകൾ തിരിച്ച് നൽകാമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽപ്പ്, നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) <u>അരുവിക്കര ഖാദി ഉൽപാദന കേന്ദ്രം:</u> നിലവിൽ കെട്ടിടം ലീസിനാണ് പ്രവർത്തി ക്കുന്നത്. യൂണിറ്റിലെ കെട്ടിടത്തിൽ തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ ങ്ങൾ ലഭ്യമാണ്.<br><br>(2) <u>ചെറിയകൊണ്ണി ഖാദി ഉൽപ്പാദന കേന്ദ്രം :</u><br><br>ചെറിയകൊണ്ണി ഖാദി ഉൽപാദന കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂൽപ്പ് യൂണിറ്റുമാണ് പ്രവർത്തിക്കുന്നത്. നൂൽപ്പ് യൂണിറ്റിൽ 18 തൊഴിലാളികളും നെയ്ത്ത് യൂണിറ്റിൽ 14 തൊഴിലാളികളുമാണ് ജോലിചെയ്യുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ ങ്ങൾ ഉണ്ട്. കെട്ടിടത്തിൽ റൂഫിംഗ്, ഫ്ളോറിംഗ്, പ്ളാസ്റ്ററിംഗ്, കോംപൗണ്ട് വാൾ എന്നിവ ചെയ്യാനുണ്ട്.<br><br>(3) <u>ഉഴമലയ്ക്കൽ ഖാദി ഉൽപ്പാദന കേന്ദ്രം:</u><br><br>ഈ കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂൽപ്പ് യൂണിറ്റുമുണ്ട്. നൂൽപ്പ് യൂണിറ്റിൽ 5 തൊഴിലാളി കളും നെയ്ത്തിൽ 8 തൊഴിലാളികളുമുണ്ട്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്ഥലത്താണുള്ളത്. കെട്ടിടത്തിന്റെ മേൽക്കൂരക്ക് കേടുപാടുകൾ ഉണ്ട്. അതോടൊപ്പം |

| | | | |
|---|---|---|---|
| | | | കോംപൗണ്ട് വാൾ, റൂഫിംഗ്, ഫ്ളോറിംഗ് എന്നിവ ചെയ്യാനുണ്ട്.<br><br>ഖാദി നൂൽപ്പ്, നെയ്ത്ത് യൂണിറ്റുകളുടെ റിപ്പയർ ജോലികൾ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടും ഖാദി ബോർഡിന്റെ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ